# മെഡോണ എ.യു.പി സ്കൂൾ



## അക്കാദമിക് മാസ്റ്റർ പ്ലാൻ

## 2025- 2026

# PROFILE

| | |
|---|---|
| Name of the School | : AUPS Madonna |
| Date of Establishment | : 1939 May |
| Name of Village | : Thalangara |
| Name of Panchayath | : Kasaragod Municipality |
| Name of Block | : Kasaragod |
| Name of BRC | : BRC Kasaragod |
| District | : Kasaragod |
| Name of Headmistress | : Mini T.J |
| Mobile Number | : 8078055605 |
| Senior Assistant | : Biji Jacob |
| Mobile Number | : 9447374837 |
| E-mail ID | : madonnaaups@gmail.com |
| School Code | : 11473 |
| School Manager | : Sr. |
| Local Manager | : |
| Mobile Number | |

## ഉള്ളടക്കം


- ആമുഖം
- സ്കൂൾ ചരിത്രം
- വിഷൻ-മിഷൻ
- പൊതുലക്ഷ്യങ്ങൾ
- അധ്യാപകരും വിവരങ്ങളും
- നിലവിലുള്ള ഭൗതിക സൗകര്യങ്ങൾ
- പ്രശ്നങ്ങൾ- വെല്ലുവിളികൾ
- വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം
- മേഖല: മലയാളം
- മേഖല: ഇംഗ്ലീഷ്
- മേഖല: ഹിന്ദി
- മേഖല: അറബിക്
- മേഖല: കന്നഡ
- മേഖല: സയൻസ്
- മേഖല: സാമൂഹ്യശാസ്ത്രം
- മേഖല; ഗണിതം
- വായന
- ഐ.സി.ടി
- ശാസ്ത്ര ലാബ്
- ലൈബ്രറി
- പഠന യാത്രകൾ
- പഠനോപകരണ നിർമ്മാണം
- സ്കൂൾ സ്കൗട്ട് ആൻഡ് ഗൈഡ്സ്
- മേഖല: ഐഇഡിസി
- മേഖല: കലാകായികം
- സ്കൂൾ അസംബ്ലി സർഗ്ഗവേളകൾ
- സാമൂഹിക സംവിധാനങ്ങൾ
- ഉപസംഹാരം

## ആമുഖം

156 വർഷത്തെ പാരമ്പര്യവും വ്യക്തമായ ലക്ഷ്യബോധവും ദീർഘ വിക്ഷണവുമുള്ള മാനേജ്മെന്റാണ് മെഡോണ സ്കൂളിന്റെ ശക്തികേന്ദ്രം. കേവലമായ അക്കാദമിക മികവിന് പുറമെ സ്വഭാവ രൂപീകരണം അടുക്കും ചിട്ടയുമുള്ള ജീവതശൈലി " പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിന് നൽകുന്ന പ്രാധാന്യം" എന്നിവയാണ് മെഡോണ സ്കൂളിനെ വേറിട്ട് നിർത്തുന്നത്.

ശുചിത്വമുള്ള ക്ലാസ് മുറിയും, സ്കൂൾ പരിസരവും പഠിതാക്കൾക്ക് ഏത് സമയവും സ്വതന്ത്രമായി ഇടപഴകാവുന്ന സുരക്ഷിതത്വമുള്ള സ്കൂൾ അന്തരീക്ഷം, അർപ്പണ മനോഭാവമുള്ള അധ്യാപകർ , കർമ്മനിരതരായ പി.ടി.എ ഇതൊക്കെയും മെഡോണ സ്കൂളിന്റെ അടിക്കടിയുള്ള ഉയർച്ചയ്ക്ക് വഴിതെളിയിച്ചു.

# സ്കൂൾ ചരിത്രം

1939 മെയ് 26- ാം തീയ്യതി കാസറഗോഡ് ജില്ലയുടെ ഹൃദയഭാഗത്ത് കാസറഗോഡ് റെയിൽവെ സ്റ്റേഷന്റെയും അറബിക്കടലിന്റെയും ഓരത്ത് അപ്പസ്തോലിക് കാർമ്മൽ സന്യാസിനി സമൂഹത്തിന്റെ നേതൃത്വത്തിൽ പെൺകുട്ടികളുടെ പഠനവും ജീവിതോന്ന തിയും ലക്ഷ്യം വെച്ചുകൊണ്ട് ആരംഭിച്ച പ്രൈമറി വിദ്യാലയമാണ് കാസറഗോഡ് മെഡോണ എ.യു.പി.സ്കൂൾ. ആദ്യഘട്ടത്തിൽ പെൺകുട്ടികൾക്ക് മാത്രമായുള്ള ഒരു കന്നട വിഭാഗം വിദ്യാലയമായിട്ടാണ് മെഡോണ ആരംഭിച്ചത്. കാസറഗോഡുകാരുടെ ശക്തമായ സമ്മർദ്ദത്തിനും ആഗ്രഹത്തിനും മുമ്പിൽ നീതിയുക്തം പ്രവർത്തിക്കാനുറച്ച് വിദ്യാലയം ആരംഭിച്ച അപ്പസ്തോലിക് കാർമ്മൽ സന്യാസിനി സമൂഹത്തിന് എല്ലാവിധ പിന്തുണയും സഹായവുമായി സുമനസ്സുകളായ ധാരാളം ആളുകൾ ഒപ്പമുണ്ടായിരുന്നു. അന്നുതുടങ്ങിയ കന്നട വിഭാഗം വിദ്യാലയത്തിൽ പിന്നീട് മലയാളം മീഡിയവും തുടങ്ങി. ഒന്നുമുതൽ ഏഴ് വരെ ക്ലാസുകളിലായി ഓരോ വിഭാഗത്തിന്റെയും ഒരു ഡിവിഷൻ വീതം ക്ലാസുകൾ രണ്ട് ഓട് പാകിയ കെട്ടിടങ്ങളിലായി ആരംഭിച്ചു. 75 വർഷത്തിനു ശേഷം 2014-2015 അധ്യയന വർഷാരംഭത്തിൽ മെഡോണയിൽ ഇംഗ്ലീഷ് മീഡിയവും കൂടി തുട ങ്ങുകയും 85 വർഷത്തെ പ്രവർത്തന പാരമ്പര്യത്തോടെ കാസറഗോഡിന്റെ മണ്ണിൽ തല യുയർത്തി നിൽക്കുകയും ചെയ്യുന്നു. മികച്ച നിലവാരവും അച്ചടക്ക സന്മാർഗമൂല്യങ്ങ ളും ഉയർത്തിപ്പിടിച്ചുകൊണ്ട് പ്രവർത്തനമാരംഭിച്ച വിദ്യാലയം ഇന്ന് പ്രീ പ്രൈമറി തലം മുതൽ ഏഴം ക്ലാസുവരെ 31 ഡിവിഷനുകളിലായി കുട്ടികൾ പഠിക്കുന്ന അപ്പർ പ്രൈമറി വിദ്യാലയമാണ്.

പഠന പ്രവർത്തനങ്ങളോടൊപ്പം കലാ-കായിക പ്രവർത്തി പരിചയ മേഖലകൾക്കും തുല്യപ്രാധാന്യം കൊടുത്ത് കൊണ്ട് കുട്ടികളുടെ സർവ്വതോന്മുഖമായ വികസനത്തിന് ഊന്നൽ നൽകികൊണ്ട് മികച്ച വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നു. ഒപ്പം കുട്ടികളുടെ മാനസികവും ശാരീരികവുമായ ആരോഗ്യവും വിദ്യാലയത്തിന്റെ പ്രഥമ പരിഗണനാ മേഖലായാണ്. കൂടാതെ ആധുനിക ലോകത്ത് കുട്ടികൾ നേരിടുന്ന പ്രധാന വെല്ലുവിളി കളും പ്രതിസന്ധികളും തരണം ചെയ്ത് ജീവിത വിജയം ഉറപ്പുവരുത്തുന്നതിനുള്ള പരിശീലനവും ഉൾക്കാഴ്ചകളും മെഡോണയുടെ അക്ഷരമുറ്റത്തെത്തുന്ന കുരുന്നുകൾ കരസ്ഥമാക്കുന്നു. പ്രതിഭാധനരായ അധ്യാപകരുടെയും സന്നദ്ധ സംഘടനകളുടെയും രക്ഷിതാക്കളുടെയും അകമഴിഞ്ഞ ആത്മാർത്ഥമായ സേവനത്തിലൂടെയും സഹകരണ ത്തിലൂടെയുമാണ് മെഡോണയുടെ ഓരോ ചുവടുവയ്പ്പും വിജയപഥത്തിലെത്തുന്നത്. അതുതന്നെയാണ് വിജയ ചരിത്രത്തിന്റെ കരുത്തും കാതലും.

# വിഷൻ- മിഷൻ

**Vision :** All rounder development of the child.

**Mission:** Provide the best quality of education

## പൊതുലക്ഷ്യങ്ങൾ

- ഓരോ കുട്ടിയുടെയും കഴിവുകൾ കണ്ടെത്തി അത് പരിപോഷിപ്പിക്കുവാനാവശ്യമായ അവസരങ്ങൾ ഒരുക്കുകയും ചെയ്യുക.
- ഓരോ ക്ലാസ്സിലും അതാത് വിഷയവുമായി ബന്ധപ്പെട്ട് നേടേണ്ട മുഴുവൻ ശേഷികളും ഓരോ കുട്ടിക്കും ലഭ്യമായെന്ന് ഉറപ്പുവരുത്തുക.
- കുട്ടിക്ക് മികവാർന്ന പഠന സാഹചര്യവും അന്തരീക്ഷവും ഭൗതിക ചുറ്റുപാടുകളും ഉറപ്പുവരുത്തുക.
- ഐ.സി.ടി. അധിഷ്ഠിത പഠന മേഖലകൾക്കാവശ്യമായ ഭൗതിക സൗകര്യങ്ങളും അക്കാദമിക് തയ്യാറെടുപ്പുകളും ഉറപ്പാക്കുക
- പഠന പിന്നോക്കാവസ്ഥ നേരിടുന്ന കുട്ടികളെ കണ്ടെത്തി അവർക്കാവശ്യമായ പഠന തന്ത്രങ്ങൾ ആവിഷ്ക്കരിക്കുക.
- ശാസ്ത്ര പഠന നൈപുണികൾ സ്വായത്തമാക്കാനുതകും വിധം ലാബുകൾ സജ്ജമാക്കുക.
- പഠനയാത്രകൾ, ശിൽപശാലകൾ, വിദഗ്ദരുടെ ക്ലാസ്സുകൾ തുടങ്ങി വൈവിധ്യമാർന്ന പഠന തന്ത്രങ്ങൾ പ്രയോജനപ്പെടുത്തുക.
- കൃഷിയോടുള്ള താൽപര്യം വളർത്താനുതകും വിധം പഠനതന്ത്രങ്ങൾ പരിഷ്കരിക്കുക.
- ലഹരി വസ്തുക്കളുടെ ഉപയോഗം, മൊബൈലിന്റെ ദുരുപയോഗം എന്നിവയെക്കുറിച്ച് ബോധ്യമുണ്ടാക്കുക.
- പ്ലാസ്റ്റിക് വിമുക്ത വിദ്യാലയം എന്ന ലക്ഷ്യം സാധ്യമാക്കുക.
- മാലിന്യ സംസ്കരണം പ്രകൃതി സൗഹൃദമാക്കുക.
- പരിസ്ഥിതി സൗഹൃദ മാലിന്യ സംസ്കരണ രീതികൾ ആവിഷ്കരിക്കുക.
- ജൈവ വൈവിധ്യ ഉദ്യാനം, പൂന്തോട്ടം, അടുക്കളതോട്ടം എന്നിവ സംരക്ഷിക്കുക, കൂടുതൽ മെച്ചപ്പെടുത്തുക.
- സമൂഹവുമായി വിദ്യാലയത്തെ പരമാവധി ബന്ധിപ്പിക്കാനുതകുന്ന പ്രവർത്തനങ്ങൾ ആവിഷ്കരിക്കുക.
- കുട്ടികളുടെ വായനയെ പരിപോഷിപ്പിക്കുന്നതിനായി ലൈബ്രറി ശാക്തീകരണം നടപ്പിലാക്കുക.
- വിദ്യാലയം തന്നെ പാഠപുസ്തകം എന്ന രീതിയിലേക്ക് വിദ്യാലയത്തിന്റെ ഭൗതിക അന്തരീക്ഷം മാറ്റിയെടുക്കുക.

# അധ്യാപകരും വിവരങ്ങളും

| SL.NO | NAME OF THE TEACHER | CLASS | SUBJECT | CLUB/ACTIVITES |
|---|---|---|---|---|
| 1. | Mini T.J | HM | | |
| 2. | Biji Jacob | II | All Subject | Senior Assistant Nallapadam |
| 3. | Rajanee k Joseph | IV | All Subject | Staff Secretary School Protection Group |
| 4. | Fathimath Thahira Bangara | | Arabic | Admission Register Bill & Acquaintance |
| 5. | Jayasheela | IV | All Subject | Vidhyarangam, Nallapadam |
| 6. | Sandya D'Souza | III | All Subject | Noon Meal & Health Admission Register |
| 7. | Sunitha Maria D'Souza | II | All Subject | Noon Meal & Health |
| 8. | Divya E A | IV | All Subject | Councillor Library |
| 9. | Lini Thomas | VI | Maths | IT Club, Maths Club |
| 10. | Sadiya I | | Arabic | Arabic Club Sanjayika, Text Book |
| 11. | Soumya M Thomas | VII | Maths Science | Up-SRG CONVENR |
| 12. | Salini C Anto | VII | Social | Social Club School Protection Group |
| 13. | Jomy K John | III | All Subject | Seed Club Guides, IT Club, Maths Club |
| 14. | Pravisha George | I | All Subject | Lp SRG Convenor |
| 15. | Soniya D'Souza | v | Social | Library Social club |
| 16. | Savitha D'Souza | VII | Maths Science | Maths Club Scout |
| 17. | Reshma M | | Hindi | Hindi Club Sanjayika collection |
| 18. | Nirmala | | Sanscrit | Sanscrit Club |
| 19. | Anju V | V | English Science | Science Club Lab In Charge Scout |
| 20. | Sushama Priyadarshini | VII | Social | Maths Club |
| 21. | Laveena Crasta | I | All Subject | W.E Club |

## നിലവിലുള്ള ഭൗതിക സൗകര്യങ്ങൾ

| ക്രമ നമ്പർ | വിഭാഗം | നിലവിലുള്ളത് | ആവശ്യമുള്ളത് |
|---|---|---|---|
| 1 | ക്ലാസ് മുറികൾ | 26 | 5 |
| 2 | ശുചിമുറി (ഗേൾസ്) | 15 | 2 |
| 3 | ശുചിമുറി (ബോയ്സ്) | 10 | 1 |
| 4 | കിണർ | 1 | |
| 5 | കുഴൽകിണർ | 1 | |
| 6 | ലൈബ്രറി | 1 | |
| 7 | ശാസ്ത്ര ലാബ് | 1 | |
| 8 | കളിസ്ഥലം | ഉണ്ട് | |
| 9 | ചുറ്റുമതിൽ | ഉണ്ട് | |
| 10 | ക്ലാസ് മുറിയിൽ റാംപ് | - | |
| 11 | അടുക്കള | ഉണ്ട് | |
| 12 | കംപ്യൂട്ടർ ലാബ് | 1 | |
| 13 | റീഡിംഗ് റൂം | ഇല്ല | |
| 14 | സ്റ്റേജ് | 1 | |
| 15 | കംപ്യൂട്ടർ | 10 | |
| 16 | ലാപ്ടോപ് | 14 | |
| 17 | പ്രൊജക്ടർ | | |
| 18 | സ്മാർട്ട് ടി.വി | | |
| 19 | സൗണ്ട് സിസ്റ്റം | | |
| 20 | | | |
| 21 | | | |

## പ്രശ്നങ്ങൾ- വെല്ലുവിളികൾ

### അക്കാദമികം

- മുഴുവൻ കുട്ടികൾക്കും പ്രതീക്ഷിത പഠന നേട്ടം ഉറപ്പു വരുത്താൻ സാധിക്കുന്നില്ല
- ഭിന്ന നിലവാരക്കാരെ പരിഗണിച്ചുകൊണ്ടുള്ള പാഠ്യപദ്ധതിയുടെ അഭാവം
- 10% ത്തോളം കുട്ടികൾക്ക് അടിസ്ഥാന ശേഷി കൈവരിക്കാനാകുന്നില്ല.
- മലയാളം, ഇംഗ്ലീഷ്, ഗണിതം എന്നീ വിഷയങ്ങളിൽ നിർദ്ദേശിക്കപ്പെട്ട ശേഷികൾ ആർജിക്കാൻ സാധിക്കുന്നില്ല.

### ഭൗതിക മേഖല

- ലൈബ്രറിക്ക് വിപുലമായ സൗകര്യമില്ല.
- ശുചിമുറികൾ ആവശ്യത്തിന് ഇല്ല.
- ഭാഷാ ലാബ് പ്രവർത്തനക്ഷമമായിട്ടില്ല.
- വിദ്യാലയം ഒരു പാഠപുസ്തകം എന്ന അവസ്ഥ പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല
- ശാസ്ത്ര ലാബ്, കംപ്യൂട്ടർ ലാബ് സ്ഥ പരിമിതി ഉണ്ട്.

### സാമൂഹിക തലം

- പ്രതീക്ഷിത സഹകരണം രക്ഷിതാക്കളിൽ നിന്നും സമൂഹത്തിൽ നിന്നും വിദ്യാലയത്തിന് ലഭിക്കുന്നില്ല

# സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ വിഷയാടിസ്ഥാന

# മാസ്റ്റർ പ്ലാൻ

# വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം

**മേഖലാ മലയാളം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| • ഭാഷയുടെ അടിസ്ഥാന ശേഷി വികസനം, ആശയ സംവേദനം നടത്താനും പഠന സമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക | **എന്റെ അവധിക്കാലം**<br>പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത, യാത്രാനുഭവം, അനുഭവ കുറിപ്പ്) അവതരിപ്പിക്കുന്നു. | ജൂൺ മാസം | മലയാളം അധ്യാപകൻ | |
| | **ഭാഷാകേളി**<br>അക്ഷരങ്ങളും പദങ്ങളും ആവർ ത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു. | ജൂൺ മാസം | മലയാളം അധ്യാപകൻ | |
| | **വാക്കുകളിൽ നിന്നും വാക്യത്തിലേക്ക്**<br>അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകളുപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം | ജൂൺ മാസം | മലയാളം അധ്യാപകൻ | |
| • പഠിതാവിൽഅർത്ഥ പൂർണ്ണമായ വായന ഉറപ്പ് വരു ത്തുക | **വർത്തമാനലോകത്തേക്ക്**<br>പത്രം, ആഴ്ചപതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണ ശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും | എല്ലാദിവസവും | മലയാളം അധ്യാപകൻ | |

# ENGLISH

**മേഖല: അറബിക്**

| Aim / Objectives | Activities |
| --- | --- |
| Aim<br>• To ensure that the students gain Proficiency in oral language, reading writing<br>• To provide Cognitive/ Linguistic support for language leaners.<br><br>Objectives<br><br>Reading<br>• Develop reading comprehension skills<br>• Encourage a love for reading through divers genres<br>• Build vocabulary through context<br><br>Writing<br>• Enhance with skills in various formula<br>• Focus on sentence structure, grammar, Punctuation<br><br>Listening and speaking<br>• Improve listening skills for understanding and interpretation<br>• Develop confident speaking abilities<br>• Engage in discussions and presentations | Activities<br><br>• Weekly reading assignments<br>• Group reading sessions and discussions<br>• Vocabulary journals with new words from readings<br><br>• Daily writing prompts Grammar exercises<br>• Writing workshops focusing on descriptions<br>• Peer review sessions<br><br>• Listening comprehension exercises using audio books and stories<br>• Class discussions on readings materials<br>• Oral presentations and story telling<br>• Debate & role-play activities |

## ಮಾತೃಭಾಷೆ, ಮಧುರ ಭಾಷೆ, ಮಾತೃಭಾಷೆಯ ಪ್ರಾಧಾನ್ಯ: 2025-26

| ಗುರಿ ಉದ್ದೇಶಗಳು | ಚಟುವಟಿಕೆಗಳು | ಕಾಲಾವಧಿ | ಜವಾಬ್ದಾರಿ | ಹಣಕಾಸು |
|---|---|---|---|---|
| ಮಧುರ ಮಾತೃಭಾಷೆ | ಭಾಷಾ ಆಟಗಳಲ್ಲಿತೊಡಗಿಸುವುದು. ಶಾಲಾ ಎಸ್ಸೆಂಬ್ಲಿಯಲ್ಲಿ ಪುಸ್ತಕ ಟಿಪ್ಪಣಿ, ವಾರ್ತಾ ಪತ್ರಿಕೆ ಓದುವುದು, ದಿನಚರಿ ಹೇಳುವುದು, ಪದಬಂಧಗಳು, ನಾಟಕ ಅಭಿನಯ ಮೊದಲಾದ ವೈವಿಧ್ಯಮಯ ಕಾರ್ಯಕ್ರಮಗಳನ್ನು ಹಮ್ಮಿಕೊಳ್ಳುವುದು. ಕಥೆ ಹೇಳುವುದು, ಕಥೆ ಹೇಳುವ ಸ್ಪರ್ಧೆಗೆ ಹೆಚ್ಚು ಒತ್ತುಕೊಡುವುದು | ಪ್ರತಿದಿನ | ತರಗತಿ ಅಧ್ಯಾಪಕರು | |
| ಸೃಜನಾತ್ಮಕತೆ ವಿಕಸನ | ಕಥೆ, ಕವಿತೆ, ವರ್ಣನೆ, ನಾಟಕ, ಭಾಷಣ, ಚರ್ಚೆ, ಸಂವಾದದಲ್ಲಿ ಭಾಗವಹಿಸಲು ಕಮ್ಮಟಗಳನ್ನು ಏರ್ಪಡಿಸುವುದು. ಸ್ವತಂತ್ರವಾದ ರಚನೆಗಳಲ್ಲಿ ಮಕ್ಕಳು ತೊಡಗುವಂತೆ ವಿವಿಧ ಸಂದರ್ಭಗಳನ್ನು ತರಗತಿಯಲ್ಲಿ ಸೃಷ್ಟಿ ಮಾಡುವುದು. ಬಾಲ ಸಭೆಗಳನ್ನು ಏರ್ಪಡಿಸುವುದು. ಸಾಮಾಜಿಕ ಮಹತ್ವದ ವಿಷಯಗಳನ್ನು ಆಧಾರವಾಗಿರಿಸಿ ಭಾಷಣ, ಲೇಖನ, ಮನವಿ ಇತ್ಯಾದಿಗಳನ್ನು ರಚಿಸಲು ಎಲ್ಲಾ ಮಕ್ಕಳನ್ನು ಪ್ರಾಪ್ತರನ್ನಾಗಿಸುವುದು. | ಮೂರು ತಿಂಗಳಿಗೊಮ್ಮೆ | ಎಸ್. ಆರ್. ಜಿ | 5000 |
| ಸೃಜನಾತ್ಮಕ ಪ್ರಕಟಣೆ ಸೃಜನಶೀಲ ಬರವಣಿಗೆ | ಶಾಲಾ ಬಿತ್ತಿ ಪತ್ರಿಕೆಯಲ್ಲಿ ಹೊಸ ಹೊಸ ಪ್ರಕಟಣೆ ಇರುವಂತೆ ಪ್ರೋತ್ಸಾಹಿಸುವುದು, ತಿಂಗಳಿಗೊಂದು ಬಿತ್ತಿ ಪತ್ರಿಕೆ, ಒಂದು ವಾರ್ಷಿಕ ಹಸ್ತ ಪತ್ರಿಕೆ ರಚಿಸುವುದು | ತಿಂಗಳಿಗೊಂದು ವರ್ಷದ ಕೊನೆಯಲ್ಲಿ | ವಿದ್ಯಾರಂಗ ಸಂಚಾಲಕೀ ಮತ್ತು ತರಗತಿ | |
| ಚಿತ್ರ ಓದುವಿಕೆ | ಚಿತ್ರಕಾರ್ಡು ತಯಾರಿ, ಚಿತ್ರ ಮತ್ತು ಪದವನ್ನು ಒಳಗೊಂಡಂತೆ ಊಹಿಸಿ ಹೇಳುವುದು, ಓದಿನ ಮಂಡನೆಗೂ ಭಾಷಣಕ್ಕೂ ಇರುವ ಅವಕಾಶ ನೀಡುವುದು. ರೋಲ್ ಪ್ಲೆ ಮಾಡಿಸುವುದು. ಕಥೆ ಪೂರ್ತಿ ಗೊಳಿಸುವುದು. ಸರಳ ನಾಟಕ, ಕಾರ್ಡುಗಳ ಓದುವಿಕೆಗೆ ಅವಕಾಶ | ನಿರಂತರ ವರ್ಷದ ಕೊನೆಯಲ್ಲಿ | ತರಗತಿ ಅಧ್ಯಾಪಕರು | |
| ಬರಹ ಕೂಟ | ಎಸ್ ಆರ್ ಜಿ, ಪಿ ಟಿ ಏ, ಎಸ್ ಎಸ್ ಜಿ ಅವರನ್ನು ಒಳಗೊಂಡು ಸಂಪನ್ಮೂಲ ವ್ಯಕ್ತಿಗಳನ್ನು ಮತ್ತು ಬರಹಕೂಟದ ಸಾಧ್ಯತೆಗಳನ್ನು ಚರ್ಚೆ ಮಾಡಿ ಕಾರ್ಯಕ್ರಮಕ್ಕೆ ಸಂಪನ್ಮೂಲ ವ್ಯಕ್ತಿಗಳನ್ನು ಆಹ್ವಾನಿಸುವುದು. ಶಾಲಾ ಗ್ರಂಥಾಲಯದಲ್ಲಿರುವ ಎಲ್ಲಾ ಪುಸ್ತಕಗಳ ಕಿರುಪರಿಚಯ ಮಕ್ಕಳಿಗೆ ಮಾಡಿಸಿ ಮಕ್ಕಳ ರಚನೆಯ ಸಂಚಿಕೆ ರೂಪಿಸುವುದು. | ಡಿಸೆಂಬರ್ | ತರಗತಿ ಅಧ್ಯಾಪಕರು | 5000 |
| ಜಾನಪದ ಮೇಳ | ಎಸ್ ಆರ್ ಜಿ ಮತ್ತು ರಕ್ಷಕ ಶಿಕ್ಷಕ ಸಂಘವನ್ನು ಸೇರಿಸಿಕೊಂಡು ಸಂಪನ್ಮೂಲ ವ್ಯಕ್ತಿಗಳನ್ನು ಕಂಡುಕೊಂಡು ವಿದ್ಯಾರಂಗ ಕಲೋತ್ಸವಕ್ಕೆ ಮುನ್ನುಡಿಯಾಗಿ ಒಂದು ಜಾನಪದ ಮೇಳವನ್ನು ಸಂಘಟಿಸುವುದು ಜಾನಪದ ಹಾಡು ಪಾರ್ದನ ಇತ್ಯಾದಿ ಕಲೆಗಾರರನ್ನು ಪರಿಚಯಿಸುವ ಒಂದು ವೇದಿಕೆಯನ್ನು ಸೃಷ್ಟಿಸುವುದು. ಇದರಲ್ಲಿ ಭಾವಗೀತೆ ಮತ್ತು ವಿವಿಧ ಭಾಷೆಗಳ ಹಾಡುಗಳಿಗೆ ಅವಕಾಶ ನೀಡುವುದು. | ಆಗಸ್ಟ್ ತಿಂಗಳಿನಲ್ಲಿ | ತರಗತಿ ಅಧ್ಯಾಪಕರು | |
| ರಂಗ ನಾಟಕ | ವಿವಿಧ ರಂಗ ಕಲಾವಿದರನ್ನು ಆಹ್ವಾನಿಸಿ ಮಕ್ಕಳಿಗೆ ಒಂದು ದಿನ ರಂಗಪ್ರವೇಶದ ವಿವಿಧ ರೀತಿಗಳನ್ನು ಸಂಭಾಷಣೆ, ಅಭಿನಯ, ಮಾತುಗಾರಿಕೆ ಇವುಗಳನ್ನು ತಿಳಿಸಿ ನಾಟಕ ರಂಗದತ್ತ ಮಕ್ಕಳನ್ನು ಆಕರ್ಷಿಸಲು ವಿವಿಧ ಚಟುವಟಿಕೆಗಳನ್ನು ನೀಡಿ ಶಾಲಾ ವಾರ್ಷಿಕ ಸಂದರ್ಭದಲ್ಲಿ ಪ್ರಸ್ತುತಪಡಿಸುವುದು. | ವರ್ಷದ ಕೊನೆಯಲ್ಲಿ | ತರಗತಿ ಅಧ್ಯಾಪಕರ | 5000 |

# മേഖല- ഹിന്ദി 2025-2026

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികവിശകലനം |
|---|---|---|---|---|---|
| 1 | 5,6,7 ക്ലാസുകളിലെ അക്ഷര ബോധം ഉറപ്പിക്കൽ, ഹിന്ദി അഞ്ചാം തരം മുതൽ മാത്രം ആരംഭിക്കുന്നതിനാൽ ഹിന്ദി,ഇഷ്ടപ്പെടാനും,അക്ഷരം,പരിചയപ്പെടാനും അവസരം ഒരുക്കുക, പഠിപ്പിച്ചെടുക്കുക | പുതിയ പദങ്ങൾ, പദ്യങ്ങൾ എന്നിവ ചൊല്ലി അക്ഷരങ്ങൾ,മനസ്സിലാക്കി കൊടുക്കുക. അക്ഷരരചന, അക്ഷരമാല എന്നിവ കാണിക്കുക | ജൂൺ-ഫെബ്രുവരി | ഹിന്ദി അധ്യാപിക | |
| 2 | ഹിന്ദി വായന തെറ്റ് കൂടാതെ ഹിന്ദി വായിച്ചെടുക്കാനുള്ള കഴിവ് വളർത്തുക | നരേഷൻ ഉള്ള ചിത്രകഥകൾ കാണിക്കുന്നു. നിരന്തം പുസ്തകങ്ങൾ വായിച്ച് കേൾപ്പിക്കുന്നു. | ജൂൺ-ഫെബ്രുവരി | ഹിന്ദി അധ്യാപിക | |
| 3 | ഹിന്ദി സംസാരം. നിത്യ ജീവിതത്തിൽ ആവിശ്യമുള്ള ഹിന്ദി പദങ്ങൾ പരിചയപ്പെടുത്തൽ ഹിന്ദിയിൽ സംസാരിക്കാനുള്ള കഴിവ് വളർത്തൽ | അധ്യാപിക പരമാവധി ഹിന്ദി,മാത്രം,സംസാരിക്കുന്നു.ഹിന്ദി,തെറ്റിച്ച് വായിച്ച് കൊടുക്കുന്ന കുട്ടികൾക്ക് തിരുത്താനുള്ള അവസരം നൽകുന്നു. മത്സര,വായന നടത്തുന്നു. | ജൂൺ-ഫെബ്രുവരി | ഹിന്ദി അധ്യാപിക | |

# മേഖല- യു.പി സാമൂഹ്യ ശാസ്ത്രം

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | പഠിതാക്കളെ,ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കാൻ | Virtual Field Trip I.C.T, സാധ്യതകളുപയോഗിച്ച് ലോകത്തിലെ, ചരിത്ര പ്രാധാന്യമുള്ള,സ്ഥലങ്ങളുടെ, വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ,ചരിത്രാവബോധം വളർത്തുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപികൻ | |
| 2 | ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക. | വിദ്യാലയങ്ങളിൽ നിന്ന് അരങ്ങത്തേക്ക് ഗ്രാമസഭ, വാർഡ്സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാനതലം മനസ്സിലാക്കുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപികൻ | |
| 3 | പ്രകൃതി,ദുരന്തങ്ങളെക്കുറിച്ച് മനസ്സിലാക്കി,രക്ഷാപ്രവർനങ്ങളിൽ,ഏർപ്പെടൽ, പഠിതാക്കളെ ബോധവന്മാരാക്കുന്നു. | പ്രകൃതി,താണ്ഡവം,നേർക്കാഴ്ച്ച,ഭൂകമ്പം,സുനാമി,കൊടുംങ്കാറ്റ്,വെള്ളപ്പൊക്കം,ഉരുൾപ്പൊട്ടൽ,എന്നിവയുടെ,ഭീതിജനകമായ,ദൃശ്യങ്ങളിലൂടെ,പ്രകൃതിദുരന്തങ്ങളുടെതീവ്രതയെക്കുറിച്ച,മനസ്സിലാക്കുകയും,Demenstation ക്ലാസ്സ് സംഘടിപ്പിക്കുയും ചെയ്തു | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപികൻ | |

## മേഖല യു പി മലയാളം

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | ഭാഷയുടെ അടിസ്ഥാനശേഷി വികസന ശേഷി വികസനം. ആശയ സംവേദനം നടത്താനും പദ സമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക | എൻറെ അവധിക്കാലം<br>പഠിതാക്കൾ അവരുടെ അവധിക്കാല,അനുഭവങ്ങൾ വിവിധവ്യവഹാരങ്ങളിലൂടെ (കഥ, കവിത, യാത്രാനുഭവം,അനുഭവക്കുറിപ്പ്) അവതരിപ്പിക്കുന്നു. | ജൂൺ മാസം | മലയാളം അധ്യാപികൻ | |
| 2 | പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പു വരുത്തുക | ഭാഷാകേളി<br>അക്ഷരങ്ങളും, പദങ്ങളും ആവർത്തിച്ചു വരുന്ന വരികൾ ഉച്ചരിച്ച് അക്ഷര ശുദ്ധി ആസ്വാദനംഎന്നിവ വളർത്തുന്നു.<br>വാക്കുകളിൽ,നിന്നുംവാക്യത്തിലേക്ക്,<br>അക്ഷരങ്ങളും,ചിഹ്നങ്ങളുംഉൾപ്പെട്ട,കാർഡുകളുപയോഗിച്ച്,പദങ്ങളുടെയും,വാക്യങ്ങളുടെയും, നിർമ്മാണം<br>വർത്തമാന ലോകത്തേക്ക്.പത്രം,ആഴ്ച്ചപതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും, പ്രതികരണശേഷി ഉണർത്തുകയും, ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു. | ജൂൺ മാസം<br>ജൂൺമാസം<br>എല്ലാ ദിവസവും | മലയാളം അധ്യാപികൻ<br>മലയാളം അധ്യാപികൻ | |

## മേഖല യു പി മലയാളം

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികവിശകലനം |
|---|---|---|---|---|---|
| 3 | സാഹിത്യകൃതികളോടും, സാഹിത്യാകാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗ ശേഷി വളർത്തൽ, | **വാർത്താവായന**<br>നവവാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെകൊണ്ട്,വായിപ്പിക്കുന്നു . ക്ലാസ്സ് തലത്തിൽ വായന നടത്തി തിരഞ്ഞെടുത്ത കുട്ടികൾക്ക്,അവസരം നൽകുന്നു.<br>അതാത് മാസത്തെ പ്രധാന സംഭവങ്ങൾ, ക്ലാസ്സ്, സ്കൂൾ, ലൈബ്രറി പുസ്തകങ്ങൾ എന്നിവയെ ആസ്പദമാക്കി ക്വിസ് മത്സരം നടത്തുന്നു<br>**സംവാദം/ മുഖാമുഖം**<br>സാഹിത്യകാരന്മാർ,,എഴുത്തുകാർ,കലാകാരന്മാർ,എന്നിവരുമായുള്ള അഭിമുഖ സംഭാഷണവും, സംവാദങ്ങളും സംഘടിക്കുന്നു. | പ്രതിമാസം<br><br>വർഷത്തിൽ മൂന്നു പ്രാവശ്യം<br><br>വർഷത്തിൽ രണ്ടു പ്രാവശ്യം | മലയാളം അധ്യാപികൻ<br><br>മലയാളം ക്ലബ് | മലയാളം ക്ലബ് |
| 4 | മലയാളം കമ്പ്യൂട്ടറിംഗ് പരിജ്ഞാനം നേടി എടുക്കലും, സർഗ്ഗാത്മക ശേഷി വളർത്തലും | **ഇ.കമ്പ്യൂട്ടറിംഗ്-**<br>മുഴുവൻ,കുട്ടികളെയും മലയാളം കമ്പ്യൂട്ടറിംഗ്,പരിശീലിപ്പിക്കുകയും,ഇമാഗസിൻപ്രസിദ്ധീകരിക്കുകയും ചെയ്യുന്നു.. | വർഷവസാനം | മലയാളം അധ്യാപികൻ | മലയാളം ക്ലബ് |

## മേഖല യു പി മലയാളം

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികവിശകലനം |
|---|---|---|---|---|---|
| 5 | പഠിതാക്കളെ കലാവാസനകളെ പരിപോഷിക്കൽ | രംഗാവിഷ്ക്കാരം,പാഠഭാഗങ്ങളുമായിബന്ധപ്പെട്ട,ചൊൽക്കാഴ്ചകൾ,ലഘു നാടകങ്ങൾ തുടങ്ങിയവ സ്കൂൾ,അസംബ്ലിയിൽ,അവതരിപ്പിക്കാൻ അവസരം നൽകുന്നു. വിദഗ്ധരായ,നാടക,കലാകാരന്മാരെയും, മറ്റ് കലാകാരന്മാരെയും, പങ്കെടുപ്പിച്ചു,കൊണ്ട് ശിൽപ്പശാലകൾ നടത്തുന്നു. | അക്കാദമിക് വർഷം | പി.ടി.എ സ്കൂൾ | |
| 6 | കുട്ടികളുടെ ആകാശവാണി അവതരണ മികവ് | മഡോണ എഫ്.എം<br>- പുസ്തകാസ്വാദനം<br>- കവിതാലാപനം<br>- പത്രവായന<br>- പ്രധാന,സംഭവങ്ങൾ, പത്രവാർത്തയായി അവതരിപ്പിക്കുന്നു. | എല്ലാ ദിവസവും ഉച്ചയ്ക്ക് | ക്ലാസ്സ് ലീഡർമാർ സ്കൂൾ ലീഡർമാർ | വിവിധ ക്ലാസ്സുകൾ ,പി.ടി.എ |

**മേഖല: വായന**

- അവധിക്കാലത്ത് വരും വർഷത്തേക്ക് പ്രയോജനപ്പെടുന്ന പുസ്തകങ്ങൾ നിർദ്ദേശിച്ച് അവയെ അടിസ്ഥാനമാക്കി ആസ്വാദന കുറിപ്പ് മത്സരം നടത്തുന്നു.
- കഥ, കവിത വായനയിലൂടെ സർഗ്ഗശേഷി വളർത്തി എടുക്കുന്നു.
- സംസ്ഥാന തലത്തിലേക്ക് വായന മത്സരങ്ങളിലേക്ക് കുട്ടികളെ പ്രാപ്തരാക്കുന്നു.
- പ്രസംഗമത്സരം ക്വിസ് മത്സരം ഉപന്യാസ മത്സരം എന്നീ മേഖലകളിൽ സംസ്ഥാന തലത്തിലേക്ക് കുട്ടികളെ പ്രാപ്തരാക്കുന്നു.
- വായന ദിനവും വായന വാരാഘോഷവും പ്രഗത്ഭരായ സാഹിത്യകാരന്മാരുടെയും കവികളുടെയും സാന്നിധ്യം ഉറപ്പ് വരുത്തികൊണ്ട് സമുചിതമായി ആചരിക്കപ്പെടുന്നു.

## മേഖല - ICT

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1). വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട പഠന പ്രവർത്തനങ്ങൾ ചർച്ച രീതിയിൽ ICT സഹായത്തോടെ പൂർത്തിയാക്കാൻ അധ്യാപകരെ പ്രാപ്തരാക്കുക. | സ്കൂൾ അധ്യാപക പരിശീലനങ്ങൾ സംഘടിപ്പിക്കുക, ഓരോ കാലഘട്ടത്തിലും മാറി വരുന്ന സോഫ്റ്റ്വെയറുകൾ ICT ഉപകരണങ്ങൾ എന്നിവ അധ്യാപകർക്ക് പരിചയപ്പെടുത്തുകയും അതുവഴി പഠന പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുകയും ചെയ്യുന്നു. | അക്കാദമിക വർഷം | ICT പരിശീലനം നേടിയ അധ്യാപകർ | പി.ടി.എ |
| 2). വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട പഠന വിഭവങ്ങൾ തയ്യാറാക്കുന്നതിലൂടെ പഠന പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുക | ICT പഠന വിഭവങ്ങൾ സ്കൂൾ തലത്തിൽ തയ്യാറാക്കുക ഇതിനായി സ്കൂൾ തലത്തിൽ ICT ശില്പശാലകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ICT പരിശീലനം നേടിയ അധ്യാപകർ | പി.ടി.എ |
| 3). പഠന പ്രവർത്തനങ്ങളിലൂടെ പ്രായോഗികപരിശീലനം സാധ്യമാക്കുക | ഹ്രസ്വ ചലച്ചിത്ര നിർമ്മാണങ്ങൾ സംഘടിപ്പിക്കുക, ഇതുവഴി പഠനത്തിലൂടെ പരിചയിച്ച സാങ്കേതിക വിദ്യകൾ പ്രയോഗിക തലത്തിൽ ഉപയോഗിക്കാനുള്ള കഴിവുകൾ നേടുന്നു. | അക്കാദമിക വർഷം | ICT പരിശീലനം നേടിയ അധ്യാപകർ | ഐ.ടി ക്ലബ്ബ് |
| 4). ഓരോ കാലഘട്ടത്തിലും സാങ്കേതിക വിദ്യകൾ നൂതനമാക്കുന്നതോടൊപ്പം ദുരുപയോഗം നടക്കുന്നു. ഇത്തരം ദുരുപയോഗങ്ങളെക്കുറിച്ച് വിദ്യാർത്ഥികളെയും രക്ഷിതാക്കളെയും ഓരോ കാലഘട്ടത്തിലും ബോധവൽക്കരിക്കുക | സൈബർ ദുരുപയോഗങ്ങൾക്കെതിരെയുള്ള ബോധ വൽക്കരണം, മാറി മാറി വരുന്ന സാങ്കേതിക വിദ്യകളെക്കുറിച്ച് ഓരോ കാലഘട്ടത്തിലും രക്ഷിതാക്കളെയും വിദ്യാർത്ഥികളെയും ബോധവൽക്കരിക്കുന്നതിനാവശ്യമായ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു | അക്കാദമിക വർഷം | സൈബർ സെൽ ചൈൽഡ് ലൈൻ | |

## മേഖല - ICT

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 5)നിത്യ ജീവിതത്തിൽ സ്വതന്ത്ര സോഫ്റ്റ് വെയറുകൾ കൂടുതൽ ഉപയോഗിക്കുന്നതിനുള്ള പ്രാപ്തി ഓരോ വിദ്യാർത്ഥി യും നേടുക. അതുവഴി സ്വതന്ത്ര സോഫ്റ്റ് വെയറുക ളുടെ ഉപയോഗം പ്രചാലത്തി ലാക്കുക | സ്വതന്ത്ര സോഫ്റ്റ് വെയറുകളുടെ പ്രചാരണം കുട്ടികളിലൂടെ നടത്തുന്നു. | അക്കാദ മിക വർഷം | ഐ.ടി. അധ്യാപകൻ | |
| 6). സ്മാർട്ട് ക്ലാസ് റൂം ഫലപ്രദ മായ രീതിയിൽ ഉപയോഗം | വിഷയാധിഷ്ഠിതമായ ICT ഉപയോഗിച്ച് കൊണ്ട് ക്ലാസ് റൂം സജീവമാക്കുക | അക്കാ ദമിക വർഷം | ഐ.ടി. അധ്യാപകൻ | |

## ശാസ്ത്രം , ലാബ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1). **ശാസ്ത്രം:** ശാസ്ത്ര പ്രതിഭകളെ കണ്ടെത്തി ദേശീയ അന്തർദേശീയ തലത്തിലേക്ക് വളർത്തിയെടുക്കുന്നു. | മത്സര പരീക്ഷകൾ- ശാസ്ത്ര ക്വിസ്, ടാലന്റ് ഫണ്ട, സംസ്ഥാനതല ശാസ്ത്ര മേളകൾ എന്നിവയിൽ കുട്ടികളെ പ്രോത്സാഹിപ്പിക്കുന്നു.<br><br>സയൻസ് ലാബ് ആധുനിക വൽക്കരിക്കുന്നു, സോഷ്യൽ ലാബ് നവീകരണക്കൽ<br><br>ലാംഗ്വേജ് ലാബ് നിർമ്മിക്കുന്നു. ഗണിത ലാബ് ക്രമീകരിക്കൽ. | അക്കാദമിക വർഷം | സയൻസ് അധ്യാപകൻ<br><br>ഹെഡ്മിസ്ട്രസ് | |

## യു.പി- Maths

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | ഫണ്ട് |
|---|---|---|---|---|
| ഗണിത ലാബ് | ഗണിതലാബ് നിർമ്മാണം, ഗണിത പുസ്തകം, ഗണിതരൂപങ്ങൾ, ഗണിതപഠനോപകരണങ്ങൾ,ഗണിതചാർട്ട്, ഗണിതശാസ്ത്രജ്ഞന്മാരെ പരിചയപ്പെടൽ | 1 വർഷം | P T A ടീച്ചർ | പി.ടി.എ |
| ഗണിത കേളി | കളി, പാട്ട്, നിർമ്മാണം, കമ്പ്യൂട്ടർ ഗെയിം | തുടർ പ്രവർത്തനം | P TA Resourse persons | അധ്യാപകർ |
| ചതുഷ്ക്രിയ ഉറപ്പാക്കൽ | ഗണിത കേളി, ഗണിതലാബ് എന്നിവയുടെ സഹായത്താൽ ചതുഷ്ക്രിയ പഠനം ഉറപ്പാക്കൽ | 1 വർഷം | P T A, MPTA, അധ്യാപകർ | P T A അധ്യാപകർ |
| ശിൽപ്പശാല | ഗണിതത്തിൽ പ്രാവീണ്യം നേടിയ വ്യക്തികളുമായി സംവദിക്കൽ | വർഷത്തിൽ 4 തവണ | P T A അധ്യാപകർ | P T A അധ്യാപകർ |

## മഡോണ എ.യു.പി.എസ്. കാസർഗോഡ്

## അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26

### ശാസ്ത്രം - UP

| SL NO. | ക്ലാസ്സ് | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|---|---|
| 1 | 6 | നല്ല ആഹാരം നല്ല ആരോഗ്യം നൽകുന്നു എന്ന ബോധ്യം ഉറപ്പിക്കുന്നതിനായി | • മില്ലറ്റുകളുടെ പ്രാധാന്യത്തെക്കുറിച്ച് കുട്ടികളെ ബോധവാന്മാരാക്കാനായി ഫുഡ് ഫെസ്റ്റ് സംഘടിപ്പിക്കുന്നു.<br>• പ്രാദേശിക പച്ചക്കറികൾ പഴങ്ങൾ എന്നിവയുടെ പ്രദർശനം. | First Term | ശാസ്ത്ര അധ്യാപകർ |
| 2 | 5,6,7 | ശാസ്ത്ര മാസിക, ശാസ്ത്ര പതിപ്പ് തയ്യാറാക്കുക | കുട്ടികൾ തയ്യാറാക്കുന്ന ശാസ്ത്ര സംബന്ധമായ അറിവുകൾ, ലേഖനങ്ങൾ, കവിതകൾ തുടങ്ങിയവ ഉപയോഗപ്പെടുത്തി ശാസ്ത്ര മാസിക, ശാസ്ത്ര പതിപ്പ് എന്നിവ തയ്യാറാക്കി സ്കൂൾ അസംബ്ലിയിൽ പ്രകാശനം ചെയ്യുന്നു. | 1 year | ശാസ്ത്ര അധ്യാപകർ |
| 3 | 7 | ശാസ്ത്രലാബ് കാലാനുസൃതമായി നവീകരിക്കൽ | ലാബിൽ വിഷയം തിരിച്ചു ഉപകരണം മറ്റ് സാമഗ്രികൾ എന്നിവ ക്രമീകരിക്കുകയും വിവിധ ക്ലാസുകളിലെ കുട്ടികൾക്ക് സയൻസ് ലാബ് സന്ദർശനം ഒരുക്കുകയും ചെയ്യുന്നു. | 1 year | ശാസ്ത്ര അധ്യാപകർ |
| 4 | 5,6,7 | സ്കൂൾ തന്നെ പാഠപുസ്തകം എന്ന ആശയം മുൻനിർത്തി ജൈവവൈവിധ്യത്തെപ്പറ്റിയും പരിസ്ഥിതിയെ പറ്റിയുമുള്ള ബോധം ഉറപ്പിക്കൽ | <u>ജൈവവൈവിധ്യ പാർക്ക്</u><br>ഔഷധസസ്യങ്ങൾ, വിവിധ പൂക്കൾ, പഴങ്ങൾ, പച്ചക്കറികൾ എന്നിവ ഉൾപ്പെടുത്തി ജൈവവൈവിധ്യ പാർക്ക് നിർമ്മാണം.<br><br><u>ബയോഡൈവേഴ്സിറ്റി രജിസ്റ്റർ</u><br>സ്കൂളിൽ നിലവിലുള്ള ഔഷധസസ്യങ്ങൾ, പച്ചക്കറികൾ, പഴങ്ങൾ, പൂക്കൾ എന്നിവയുടെ കണക്കെടുത്ത് അവയുടെ എണ്ണം, സ്ഥാനം, ശാസ്ത്രീയ നാമം എന്നിവ രേഖപ്പെടുത്തുന്നു.<br><br><u>കമ്പോസ്റ്റ് പിറ്റ് പുനരുദ്ധീകരണം</u><br>സ്കൂളിലെ നിലവിലെ ഉപയോഗശൂന്യമായ കമ്പോസ്റ്റ് പിറ്റ് ചാണകവും വളവും ഇട്ട് പുനരുദ്ധീകരിക്കുകയും ഭക്ഷണമാലിന്യങ്ങൾ സംസ്കരിച്ച് വളമാക്കി മാറ്റുകയും ചെയ്യുന്നു. | 1 year | ശാസ്ത്ര അധ്യാപകർ |
| 5 | 5,6,7 | ശാസ്ത്രമേളയിൽ പൂർണപങ്കാളിത്തം ഉറപ്പുവരുത്തൽ | മേളകളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് പരമാവധി പ്രോത്സാഹനം നൽകുന്നു. | September | ശാസ്ത്ര അധ്യാപകർ |
| 6 | 5,6,7 | കുട്ടികളിൽ ശാസ്ത്ര അഭിരുചി വളർത്തൽ | • ശാസ്ത്ര തത്വങ്ങൾ ലളിതമായ പരീക്ഷണങ്ങൾ എന്നിവയുടെ അവതരണത്തിനു വേണ്ടി പരീക്ഷണ കളരി ഒരുക്കുന്നു.<br>• സ്കൂൾതല സയൻസ് എക്സിബിഷൻ. | February | ശാസ്ത്ര അധ്യാപകർ |

**മേഖല: ലൈബ്രറി**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1). സ്കൂൾ ലൈബ്രറിയുടെ കൃത്യമായ ഉപയോഗം | ടൈംടേബിൾ പ്രകാരം ക്ലാസിലെ മുഴുവൻ കുട്ടികളെയും ലൈബ്രറിയിൽ ഇരുത്തി വായിപ്പിക്കുന്നു. ആവശ്യമുള്ള കുട്ടികൾക്ക് സ്കൂൾ ലൈബ്രറി മെമ്പർഷിപ്പിലൂടെ റഫറൻസ് പുസ്തകങ്ങൾ വീട്ടിൽ കൊണ്ട് പോകുന്നതിനുള്ള അവസരം നൽകുന്നു. | അക്കാദമിക വർഷം മുഴുവനും | ലൈബ്രറിയൻ | പി.ടി.എ |
| | ക്ലാസ് ലൈബ്രറി ക്ലാസിരുന്ന് തന്നെ വായിക്കാനുള്ള പ്രേരണ നൽകുന്നു. | അക്കാദമിക വർഷം മുഴുവനും | ക്ലാസ് അധ്യാപകൻ | |

## പഠന യാത്രകൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1).ക്ലാസ് മുറികളിൽ നിന്നും ലഭിച്ച മിതമായ അറിവുകളുടെ അടിസ്ഥാനത്തിൽ പഠിതാക്കളിൽ യഥാർത്ഥ വസ്തുതകളെ പരീക്ഷണ നിരീക്ഷണ ഗവേഷണ തലത്തിലേക്ക് ഉയർത്തുന്നതിന് | പ്രകൃതിയെ തൊട്ടറിഞ്ഞ് അനുഭവങ്ങൾ സ്വായത്തമാക്കുന്നു. | സെപ്തംബർ - ഒക്ടോബർ | പഠനയാത്ര കമ്മിറ്റി | രക്ഷിതാക്കൾ |
| | വ്യത്യസ്ത സാഹചര്യങ്ങൾ, കാലാവസ്ഥ, സംസ്ക്കാരം എന്നിവയോട് പൊരുത്തപ്പെട്ട് ഇടപെടുന്നതിന് | സെപ്തംബർ - ഒക്ടോബർ | പഠനയാത്ര കമ്മിറ്റി | രക്ഷിതാക്കൾ |
| 2). പ്രാദേശിക പരിസ്ഥിതികളും വിഭവങ്ങളും ചരിത്രവും കുട്ടികൾക്ക് പരിചയപ്പെടുത്തുന്നതിനും പഠനഭാരം ലഘൂകരിച്ച് ഉല്ലാസമാക്കുന്നതിനും | ഏകദിന പഠന യാത്രകൾ, കണ്ടൽക്കാട്, തണ്ണീർ തടങ്ങൾ, കാവുകൾ, പ്രാദേശിക ചരിത്ര പ്രദേശങ്ങൾ എന്നിവിടങ്ങളിലേക്കുള്ള ഫീൽഡ് ട്രിപ്പ് | അക്കാദമിക വർഷം | പഠനയാത്ര കമ്മിറ്റി | രക്ഷിതാക്കൾ |

## പഠനോപകരണ നിർമ്മാണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1). കുട്ടികൾക്ക് പഠന മേഖലകൾ ലഘൂകരിക്കുന്നതിന് വേണ്ടി പഠനത്തിൽ താൽപര്യം ജനിപ്പിക്കുന്നതിന് വേണ്ടി | ഒറിഗാമി<br>ഗണിതത്തിൽ കുട്ടികൾ സ്വയം ഉണ്ടാക്കുന്ന മോഡലുകൾ<br>ശാസ്ത്രത്തിൽ ലഘുപരീക്ഷണങ്ങൾ<br>ഫയൽ നിർമ്മാണം, ബുക്ക് നിർമ്മാണം | | | |

## മേഖല: സ്കൗട്ട് ആൻഡ് ഗൈഡ്സ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1). **എന്തിനും തയ്യാർ,** എന്ന ഗൈഡ്സ് ആപത്‌വാക്യം ജീവിത ശൈലി യാക്കുന്നതിന് കുട്ടികളെ പരിശീലിപ്പിക്കുന്നു. | ഗൈഡ്സ് ക്യാമ്പുകൾ സംഘടിപ്പിക്കുന്നു.<br>സ്കൂൾ അച്ചടക്ക സംവിധാനം ഗൈഡ്സ് കുട്ടികളുടെ മേൽനോട്ടത്തിൽ നടത്തുന്നു. | അക്കാദമിക വർഷം | ഗൈഡ്സ് അധ്യാപകൻ | പി.ടി.എ |
| | കുട്ടികളിൽ സേവന മനോഭാവവും ഉത്തരവാദിത്വബോധവും പകർന്ന് നൽകുന്നതിന് റോഡ് സുരക്ഷാമേഖലയിൽ ഉത്തരവാദിത്വപ്പെടുത്തുന്നു. | അക്കാദമിക വർഷം | ഗൈഡ്സ് അധ്യാപകൻ | |

**മേഖല: IEDC**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1).പ്രത്യേക പരിഗണന അർഹിക്കുന്ന **CWSN** കുട്ടികളെ മറ്റ് കുട്ടികളോടൊപ്പം തന്നെ പഠിക്കുവാനുള്ള അവസരം നൽകുന്നു. | കുട്ടികളുടെ ശാരീരിക മാനസിക പരിമിതികൾ പരിഗണിച്ചുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നു. | അക്കാദമിക വർഷം | ക്ലാസ് അധ്യാപകൻ | **IEDC** സ്കോളർഷിപ്പ് |
| 2). പ്രത്യേക പരിഗണന അർഹിക്കു ജനവിഭാഗത്തോട് സഹാനുഭൂതി വളർത്തിയെടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | ക്ലാസിലെ **CWSN/IED** കുട്ടികളെ പരിചരിക്കുന്നതിന് മറ്റ് കുട്ടികൾക്ക് ഉത്തരവാദിത്വം കൊടുക്കുന്നു | അക്കാദമിക വർഷം | ക്ലാസ് അധ്യാപകൻ | |
| 3).പഠന കാര്യങ്ങളിൽ റിസോഴ്സ് ടീച്ചേഴ്സിന്റെ സേവനം പ്രയോജനപ്പെടുത്തുന്നു. | **IQ** ടെസ്റ്റിലൂടെയും മറ്റ് സാങ്കേതിക സാധ്യതകളിലൂടെയും പഠന നിലവാരം മെച്ചപ്പെടുത്തുന്നു. | അക്കാദമിക വർഷം | റിസോഴ്സ് അധ്യാപകൻ | |

**മേഖല: കലാ-കായികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) കുട്ടികളുടെ ഉള്ളിൽ അന്തർ ലീനമായി കിടക്കുന്ന സവിശേഷ ശേഷികളെ കണ്ടെത്തുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. | ചിത്രകലയെ കുറിച്ചുള്ള ഡമോൺസ്ട്രേഷൻ ക്ലാസുകൾ, പെയിന്റിങ്ങ്, ക്ലേ മോഡലിംഗ് എന്നിവയിൽ താൽപര്യമുള്ള മുഴുവൻ കുട്ടികൾക്കും പരിശീലനം . കുട്ടികളുടെ സർഗ്ഗ സൃഷ്ടികളുടെ പ്രദർശനം | അക്കാദമിക വർഷം | കല അധ്യാപകൻ | പി.ടി.എ |

## സ്കൂൾ അസംബ്ലി, സർഗ്ഗ വേളകൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1)സദസ്സിനെ അഭിമുഖീകരിക്കുവാൻ ആത്മവിശ്വാസം വളർത്തൽ, ആത്മധൈര്യം നേടൽ | ഒരു പഠിതാവ് നേടിയെടുക്കേണ്ട മൂല്യങ്ങളായ ബഹുമാനം, സത്യസന്ധത, സഹാനുഭൂതി എന്നിവയൊക്കെ മുൻനിർത്തി ക്ലാസ് അടിസ്ഥാനത്തിൽ കുട്ടികൾ തന്നെ ഒരുക്കുന്ന അസംബ്ലി സംഘടിപ്പിക്കുന്നു.<br><br>ഇതിലൂടെ വേദിയെ അഭിമുഖീകരിക്കാനുള്ള ആത്മവിശ്വാസ നേടുന്നു.<br><br>അവതരണത്തിനുള്ള ആത്മധൈര്യം നേടുന്നതിലൂടെ അവസരത്തിനൊത്ത് കുട്ടികൾ വേദിയിൽ അവരുടെ കഴിവ് പ്രകടിപ്പിക്കാൻ അവസരം ഒരുക്കുന്നു. | അക്കാദമിക വർഷം | ക്ലാസ് അധ്യാപകൻ | |

# ഉപസംഹാരം

മെഡോണ സ്കൂളിന്റെ ഈ വർഷത്തെ (2025-26) അക്കാദമിക്ക് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയപ്പോൾ മികവിന് ഒപ്പം ഭൗതിക അക്കാദമിക് മേഖലകളിലെ പരിമിതികളും കണ്ടെത്താൻ സാധിച്ചു പഠിതാക്കൾ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയരുമ്പോൾ ഭൗതിക സാഹചര്യ ങ്ങളും ആ തലത്തിലേക്ക് ഉയരേണ്ടത് അനിവാര്യമാണ് നിലവിലുള്ള അസംബ്ലി ഹാൾ ടോയ്ലറ്റ് ശാസ്ത്ര ലാബ് എന്നിവ ആധുനിക വൽക്കരി ക്കപ്പെടണം ദേശീയതലത്തിലുള്ള എക്സ്പോഷർ തലത്തിലേക്ക് കുട്ടിക ളുടെ നിലവാരം ഉയർത്തണം വരും വർഷങ്ങളിൽ ഇതെല്ലാം സാധ്യമാ കുമെന്ന് ഉറച്ച വിശ്വാസത്തോടെ ഈ അക്കാദമി മാസ്റ്റർ പ്ലാൻ സമർപ്പിക്കു ന്നു.